കേരള സർക്കാർ

സംഗ്രഹം

ധനകാര്യ വകുപ്പ് - 26.11.2018-ലെ ബഹു. സുപ്രീംകോടതിയുടെ SLP(C)No.27604/2017-ന്മേലുള്ള വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ അധിവർഷത്തിലുണ്ടായ അധിക ദിനങ്ങൾ കൂടി പരിഗണിച്ച് സേവനകാലം പുനർനിർണ്ണയിക്കുന്നതിനുള്ള അനുമതി സമാന കേസുകൾക്ക് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ധനകാര്യ (പെൻഷൻ-ബി) വകുപ്പ്

സ.ഉ(അച്ചടി) നം.102/2019/ധന തിരുവനന്തപുരം, തീയതി 14.08.2019

---

പരാമർശം :- 1. ബഹു. കേരള ഹൈക്കോടതിയുടെ 22.09.2015-ലെ WP(C)10405/2009-ന്മേലുള്ള വിധിന്യായം.

2. ബഹു. കേരള ഹൈക്കോടതിയുടെ 17.07.2017-ലെ WA 146/2016-ന്മേലുള്ള വിധിന്യായം.

3. ബഹു. സുപ്രീം കോടതിയുടെ 26.11.2018-ലെ SLP(C)No.27604/2017-ന്മേലുള്ള വിധിന്യായം.

## ഉത്തരവ്

അധിവർഷങ്ങളിലെ അധിക ദിനങ്ങൾ കൂടി പരിഗണിച്ച് സേവനകാലയളവ് പുനർനിർണ്ണയിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. എം.വി. മത്തായി ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)10405/2009 നമ്പർ ഹർജിയിൽ അനുകൂല വിധി നേടുകയും ആയതിനെതിരെ സർക്കാർ 146/2016 നമ്പരായി റിട്ട് അപ്പീൽ ഫയൽ ചെയ്യുകയും ചെയ്തു. 17.07.2017-ലെ വിധിന്യായത്തിലൂടെ ബഹു. ഹൈക്കോടതി ടി റിട്ട് അപ്പിൽ തള്ളിയതിനെ തുടർന്ന് പ്രസ്തുത വിധിന്യായത്തിനെതിരെ സർക്കാർ ബഹു. സുപ്രീംകോടതിയിൽ SLP(C)No.27604/2017 ഫയൽ ചെയ്യുകയും 26.11.2018-ലെ ബഹു. സുപ്രീം കോടതിയുടെ ചുവടെ ചേർക്കുന്ന വിധിന്യായ പ്രകാരം കേസ് തള്ളുകയും ചെയ്തിട്ടുണ്ട്.

"On the peculiar facts of this case, we are not inclined to entertain this petition. The special leave petition is accordingly dismissed."

2. ബഹു. സുപ്രീം കോടതിയുടെ 26.11.2018-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ സേവന കാലയളവിനുള്ളിലെ അധിവർഷങ്ങളിലെ അധിക ദിവസങ്ങൾ കൂടി പരിഗണിച്ച് സേവനകാലയളവ് പുനർനിർണ്ണയിക്കണമെന്നാവശ്യപ്പെട്ട് നിരവധി കേസുകൾ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലും ബഹു. ഹൈക്കോടതിയിലും നിലനിൽക്കുന്നുണ്ട്. കൂടാതെ ഈ വിഷയത്തിൽ ധാരാളം അപേക്ഷകൾ സർക്കാരിലും ലഭ്യമായിട്ടുണ്ട്.

3. സർക്കാർ മേൽവിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. പരാമർശം 3-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിലും പ്രസ്തുത വിധിന്യായത്തിന്മേലുള്ള നിയമവകുപ്പിന്റെയും അഡ്വക്കറ്റ് ജനറലിന്റെയും നിയമോപദേശം കണക്കിലെടുത്തുകൊണ്ടും സമാനമായ കേസുകളിൽ, സേവനകാലയളവിലെ അധിവർഷങ്ങളിലുണ്ടായ അധിക ദിനങ്ങൾ കൂടി പരിഗണിച്ച് സേവനകാലയളവ് പുനർനിർണ്ണയിച്ച് ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ബന്ധപ്പെട്ട പെൻഷൻ സാങ്ഷനിംഗ് അതോറിറ്റി/വകുപ്പ് തലവനെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

i. അധിവർഷത്തിലെ അധികദിനങ്ങൾ യോഗ്യ സേവനകാലത്തിൽ ഉൾപ്പെടുത്തുമ്പോൾ, ജീവനക്കാരൻ/പെൻഷണർ സർവ്വീസ് കാലയളവിൽ വരുന്ന അധിവർഷങ്ങളിലെ അധിക ദിനങ്ങളിൽ (ഫെബ്രുവരി 29) സേവനത്തിലുണ്ടായിരുന്നുവെന്ന് (അർഹതപ്പെട്ട അവധി ഉൾപ്പെടെ) സേവന പുസ്തകം, ഹാജർ പുസ്തകം/ശമ്പള ബിൽ രജിസ്റ്റർ/അക്വിറ്റൻസ് റോൾ എന്നിവ പരിശോധിച്ചാവണം ഉത്തരവ് നൽകേണ്ടത്.

ii. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി പരിഗണിച്ചും ബി എസ് നകാരയും മറ്റുള്ളവരും V/s യൂണിയൻ ഓഫ് ഇന്ത്യ {1983(1)SSC 305} എന്ന കേസിലെ ബഹു. സുപ്രീം കോടതിയുടെ ഉത്തരവ് പരിഗണിച്ചും ഈ ഉത്തരവിന്റെ സാമ്പത്തിക ആനുകൂല്യം ബഹു. സുപ്രീം കോടതിയുടെ ഈ വിധിന്യായത്തിന്റെ തീയതി (26.11.2018) മുതൽ അനുവദിക്കേണ്ടതാണ്.

iii. അധിവർഷത്തിലെ അധിക ദിനങ്ങളിലെ ആനുകൂല്യം ലഭിക്കുന്നതിന് വിരമിച്ച ജീവനക്കാർ ഈ ഉത്തരവ് തീയതി മുതൽ മൂന്നു മാസത്തിനകം അവസാനം ജോലി ചെയ്ത ഓഫീസ് മുഖാന്തിരം പെൻഷൻ സാങ്ഷനിംഗ് അതോറിറ്റിയ്ക്ക് അപേക്ഷ നൽകേണ്ടതാണ്. കാലാവധിയ്ക്ക് ശേഷം ലഭിയ്ക്കുന്ന അപേക്ഷകൾ നിരസിക്കേണ്ടതാണ്.

iv. ഉത്തരവിനു ശേഷം വിരമിക്കുന്നവരുടെ കേസുകളിൽ യോഗ്യ സേവന കാലമായി പരിഗണിക്കാൻ കഴിയുന്ന അധിവർഷത്തിലെ അധിക ദിനങ്ങൾ സേവനകാലയളവിനൊപ്പം പെൻഷന് പരിഗണിച്ച് പെൻഷൻ സാങ്ഷനിംഗ് അതോറിറ്റി, പെൻഷൻ അപേക്ഷ അക്കൗണ്ടന്റ് ജനറലിന് സമർപ്പിക്കേണ്ടതാണ്.

v. നിലവിലുള്ള കോടതി കേസുകളിലും പുതുതായി ലഭിയ്ക്കുന്ന നിവേദനങ്ങളിലും ഉത്തരവ് തീയതിയ്ക്കു ശേഷം വിരമിക്കുന്ന കേസുകളിലും ജീവനക്കാരന്റെ/പെൻഷണറുടെ അധിവർഷത്തിലെ അധിക ദിനങ്ങൾ സംബന്ധിച്ച് ഓഫീസ് മേധാവി അനുബന്ധത്തിൽ ചേർത്തിരിക്കുന്ന മാതൃകയിലുള്ള ഒരു സാക്ഷ്യപത്രം പെൻഷൻ സാങ്ഷനിംഗ് അതോറിറ്റിയ്ക്ക് നൽകേണ്ടതാണ്. പെൻഷൻ പുനർനിർണ്ണയിക്കുന്നതിന്/പെൻഷന് യോഗ്യസേവനകാലമായി പരിഗണിക്കുന്നതിന് ടി സാക്ഷ്യപത്രം പെൻഷൻ സാങ്ഷനിംഗ് അതോറിറ്റി ഖണ്ഡിക 3(i) പ്രകാരം പുറപ്പെടുവിക്കുന്ന ഉത്തരവിനോടൊപ്പം അക്കൗണ്ടന്റ് ജനറലിന് സമർപ്പിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**സഞ്ജീവ് കൗശിക് ഐ.എ.എസ്**

**ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി (വ്യയം)**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി ആന്റ് എസ്.എസ്.എ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ ആന്റ് ആർ.എസ്.എ), കേരള, തിരുവനന്തപുരം.
അഡ്വക്കറ്റ് ജനറൽ, കേരള, എറണാകുളം/തിരുവനന്തപുരം.
എല്ലാ വകുപ്പ തലവന്മാർക്കും.
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.
സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി ബോർഡ്.
എല്ലാ സെക്രട്ടറി, അഡീഷണൽ സെക്രട്ടറി/ജോയിന്റ്
സെക്രട്ടറി/ഡെപ്യൂട്ടി സെക്രട്ടറി/അണ്ടർ സെക്രട്ടറിമാർ.
ഗവർണറുടെ സെക്രട്ടറി.
മുഖ്യമന്ത്രിയുടെയും മറ്റ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ.
പ്രതിപക്ഷ നേതാവിന്റെയും ഗവണ്മെന്റ് ചീഫ് വിപ്പിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർ.
ബഹു. സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി.
ചീഫ് സെക്രട്ടറിയുടെ പ്രൈവറ്റ് സെക്രട്ടറി.
സെക്രട്ടറി, ഓംബുഡ്സ്മാൻ, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ, തിരുവനന്തപുരം.
സെക്രട്ടറി, കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള/കൊച്ചി/കോഴിക്കോട്/കണ്ണൂർ/മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി.
രജിസ്ട്രാർ, ശ്രീ ശങ്കരാചാര്യ യൂണിവേഴ്സിറ്റി, എറണാകുളം.
രജിസ്ട്രാർ, അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റി, വെള്ളാണിക്കര.
രജിസ്ട്രാർ, കേരള വെററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി, വയനാട്
രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് ആന്റ് അലൈഡ് സയൻസസ്, തൃശ്ശൂർ
രജിസ്ട്രാർ, ഫിഷറീസ് യൂണിവേഴ്സിറ്റി,എറണാകുളം
രജിസ്ട്രാർ, മലയാളം യൂണിവേഴ്സിറ്റി, തിരൂർ, മലപ്പുറം
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം
രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം.
ജനറൽ മാനേജർ, കെ.എസ്.ആർ.ടി.സി, തിരുവനന്തപുരം.
പബ്ലിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ഗവൺമെന്റ് കമ്പനികൾ/ബോർഡ്/കോർപ്പറേഷനുകൾ/ സ്വയം ഭരണ സ്ഥാപനങ്ങൾ
എന്നിവയുടെ മാനേജിങ് ഡയറക്ടർമാർ/ജനറൽ മാനേജർമാർ.
അഡ്വക്കേറ്റ് ജനറൽ, എറണാകുളം
ചീഫ് ഇൻഫർമേഷൻ കമ്മീഷണർ, തിരുവനന്തപുരം.
ജില്ലാ ട്രഷറികളും സബ് ട്രഷറികളും.
പബ്ലിക് റിലേഷൻസ് വകുപ്പ്.
ലെയ്സൺ ഓഫീസർ (ധനകാര്യം), അഡ്വക്കറ്റ് ജനറലിന്റെ കാര്യാലയം, എറണാകുളം.
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (PEN-B4/64/2017-FIN (E-658564))

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

## സാക്ഷ്യപത്രം (Certificate)

No. | Place
--- | ---
| Date

This is to certify that as per attendance register/Pay bill register/ Acquaintance Role and Service Book* of Sri./Smt............................................., PEN....................., Designation.............................. Name of Office............................................................... is in regular service** on February 29 of the leap years in his/her entire period of service. He/She is in regular service during the following leap years.

Eg: 1988 February 29
1992 February 29
1996 February 29
2000 February 29 etc.

Office Seal

Name, PEN, Designation & Signature of the Head of Office

No.

Place

Date

The above furnished details are verified and found correct.

Office Seal

Name, PEN, Designation & Signature of the Pension Sanctioning Authority

* In the case of Gazetted Employees Accountant General shall verify the Entitlement Register.

**Regular service means the service which is counted as qualifying service for pension as per KSR Part III.